**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 467** **29.06.2016-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ**

**ചോദ്യം**

**ശ്രീ.പി.ഉണ്ണി**

(എ) പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**

**(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) പാലക്കാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നതിനും മുൻകൈ എടുത്തു വരുന്നു. പാലക്കാടിനു മാത്രമായി പ്രത്യേകം പഠനം നടത്തിയിട്ടില്ല. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കൽപ്പാത്തി ഹെറിറ്റേജ് വില്ലേജ് – കൽപ്പാത്തി കടവ് നവീകരണം.
2. നെല്ലിയാമ്പതി കുന്നുകളിലെ ഇക്കോടൂറിസം പദ്ധതികൾ.
3. തുത്താല വെളിയങ്കല്ല് പ്രദേശത്തെ വിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കൽ - രണ്ടാം ഘട്ടം.
4. അനങ്ങൻമലയിലെ ഇക്കോടൂറിസം പദ്ധതികൾ.
5. ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്ക്.
6. വെള്ളിനേഴി കലാഗ്രാമം – കൾച്ചറൽ കോംപ്ലക്സ് നിർമ്മാണം – ഒന്നാം ഘട്ടം.
7. തിരുവേഗപുരം ഫോക് ലോർ പാർക്ക്.
8. കൽപ്പാത്തി രഥം – നവീകരണം.
9. പാലക്കാട് കോട്ട പരിസരത്തെ ടൂറിസം കേന്ദ്രമായി വികസിപ്പിക്കൽ,

സെക്ഷൻ ഓഫീസർ